(ഡി) സംസ്ഥാനത്ത് 72 യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 58 സംഘങ്ങൾക്ക് സാമ്പത്തിക സഹായം സംയോജിത കയർ വികസന പദ്ധതി പ്രകാരം അനുവദിക്കുകയും അതിൽ 24 യൂണിറ്റുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തു.

(ഇ) താഴെ പറയുന്ന നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. എൻ. സി. ഡി. സി. വായ്പയ്ക്ക് 6.5% പലിശ സബ്സിഡി അനുവദിച്ചു. പണി പൂർത്തിയാക്കാനാവാത്ത യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് 117.30 ലക്ഷം രൂപ അനുവദിച്ചു. ഡിഫൈബറിംഗ് യൂണിറ്റുകളിലെ യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിനുണ്ടാകുന്ന ചെലവ് സബ്സിഡിയായി അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പു വർഷം മുതൽ നടപ്പാക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. കൂടാതെ മിനിമം ഗ്യാരണ്ടി സ്കീം മൂലം അമിതമായ വൈദ്യുതി ചാർജ്ജ് നൽകേണ്ടി വരുന്നതിനാൽ അതിന്റെ 50% തുക സബ്സിഡിയായി അനുവദിക്കുന്നതിനുള്ള പദ്ധതിയും നടപ്പുവർഷം മുതൽ നടപ്പാക്കുന്നു.

കയർഫെഡിലെ നിയമവിരുദ്ധ നിയമനങ്ങൾ

32 (2029) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർഫെഡിൽ രജിസ്ട്രാറുടെ അംഗീകാരം ലഭിച്ച പ്യൂൺ, ഡ്രൈവർ തസ്തികകൾ എത്രവീതമാണ് ;

(ബി) ഓരോ തസ്തികയിലും സ്ഥിരനിയമനം ലഭിച്ചവർ എത്ര ; അല്ലാത്തവർ എത്ര ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഈ തസ്തികകളിൽ എത്ര ജീവനക്കാരെ ദിവസക്കൂലി, കോൺട്രാക്റ്റ്, എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട് ;

(ഡി) ഈ നിയമനങ്ങൾക്ക് രജിസ്ട്രാറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഈ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ;

(എഫ്) ഈ നിയമനങ്ങൾക്കുള്ള മാനദണ്ഡം എന്താണ് ;

(ജി) ക്രമവിരുദ്ധമായും നിയമവിരുദ്ധമായും കയർഫെഡിൽ പ്യൂൺ, ഡ്രൈവർ, വർക്കർ തസ്തികകളിൽ നിയമനം നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ ഇതിനെപ്പറ്റി അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) 22 പ്യൂൺ തസ്തികകളും 10 ഡ്രൈവർ തസ്തികകളും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്യൂൺ തസ്തികയിൽ 21 പേർക്കും ഡ്രൈവർ തസ്തികയിൽ 6 പേർക്കും സ്ഥിരനിയമനം നൽകിയിട്ടുണ്ട്. ദിവസവേതനത്തിൽ 3 പേരെ ഡ്രൈവർ തസ്തികയിലും നിയമിച്ചിട്ടുണ്ട്.

(സി) 3 പേരെ ദിവസക്കൂലി അടിസ്ഥാനത്തിലും ഒരാളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിച്ചിട്ടുണ്ട്.

(ഡി) രജിസ്ട്രാർ അംഗീകരിച്ച തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് രജിസ്ട്രാറുടെ അംഗീകാരം തേടേണ്ടതില്ല.

(ഇ) രജിസ്ട്രാർ അംഗീകരിച്ച തസ്തികകളിലേയ്ക്ക് ദിവസ വേതനത്തിലോ കോൺട്രാക്ട് വ്യവസ്ഥയിലോ നിയമനം നടത്തുന്നതിന് സർക്കാരിന്റെ അംഗീകാരം തേടേണ്ടതില്ല.

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ചിട്ടുള്ള ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി ഒരാളെ ഡ്രൈവറായി നിയമിച്ചു. ബാക്കി മൂന്നുപേരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചു.

(ജി) ക്രമവിരുദ്ധവും നിയമവിരുദ്ധവുമായി കയർഫെഡിൽ പ്യൂൺ, ഡ്രൈവർ, വർക്കർ തസ്തികകളിലേക്ക് നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ബാധകമല്ല.

കൈത്തറി വികസന കോർപ്പറേഷനിലെ റീജിയണൽ മാനേജർമാർ

33 (2030) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിൽ എത്ര റീജിയണൽ മാനേജർമാർ നിലവിലുണ്ട് ;

(ബി) പ്രസ്തുത റീജിയണൽ മാനേജർമാരെ സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ മാറ്റി നിയമിക്കുകയും റീജിയണൽ മാനേജർ പദവിക്ക് താഴെയുള്ള ഉദ്യോഗസ്ഥന്മാരെ റീജിയണൽ മാനേജർ പദവിയിലേക്ക് നിയമിക്കുകയും ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരം നിയമനം നടത്തിയതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) റീജിയണൽ മാനേജർമാരെ അവരവരുടെ പദവികളിൽ തന്നെ നിയമിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) മൂന്ന്.

(ബി&സി) കൈത്തറി വികസന കോർപ്പറേഷന്റെ കണക്കുകൾ കുടിശ്ശിക വന്നതിനാൽ അക്കൗണ്ട്സ് രംഗത്ത് കൂടുതൽ പരിജ്ഞാനമുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly